# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 807 — 12.06.2013 – ൽ മറുപടിക്ക്

## കുടിവെള്ള വിതരണത്തിനായുള്ള കമ്പനി

| ചോദ്യം | മറുപടി |
|---|---|
| **ഡോ. ടി. എം. തോമസ് ഐസക്**<br>**ശ്രീ. എളമരം കരീം**<br>**ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**<br>**ശ്രീ. പി. കെ. ഗുരുദാസൻ** | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കടുത്ത വരൾച്ചയും കുടിവെള്ളക്ഷാമവും നേരിട്ടപ്പോൾ കുടിവെള്ള വിതരണ മേഖലയുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ സാദ്ധ്യമായോ; കുടിവെള്ളക്ഷാമം പരിഹരിക്കാൻ സിയാൽ മോഡൽ കുടിവെള്ള വിതരണ കമ്പനിരൂപീകരണത്തിന് സർക്കാർ തയ്യാറായിട്ടുണ്ടോ ; | (എ) സംസ്ഥാനത്തെ വരൾച്ചയെയും കുടിവെള്ളക്ഷാമത്തെയും കുടിവെള്ള വിതരണ മേഖലയുടെ സമയബന്ധിതമായ പ്രവർത്തനത്തിലൂടെ നേരിടാൻ സാധിച്ചു. സിയാൽ മാതൃകയിൽ കേരള ഡ്രിങ്കിംഗ് വാട്ടർ സപ്ലൈ കമ്പനി ലിമിറ്റഡ് രൂപീകരിക്കുന്നത് സംബന്ധിച്ച് 31.12.2012-ൽ സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്) നമ്പർ 103/2012/ഡബ്ല്യു.ആർ.ഡി പ്രകാരവും 15.04.2013-ൽ ജി.ഒ (എം.എസ്) നമ്പർ 31/2013/ഡബ്ല്യു.ആർ.ഡി പ്രകാരവും ഉത്തരവുകൾ പുറപ്പെടുവിക്കുകയുണ്ടായി. |
| (ബി) നിർദ്ദിഷ്ട കമ്പനിക്ക് വില്ക്കാൻ അനുമതി നൽകിയിട്ടുള്ള വിലയ്ക്ക് വെള്ളം വില്ക്കാൻ അനുവദിച്ചാൽ സ്വകാര്യ പങ്കാളിത്തമില്ലാതെ തന്നെ കമ്പനി രൂപീകരിക്കാമെന്ന വാട്ടർ അതോറിറ്റിയുടെ നിർദ്ദേശം തള്ളാൻ കാരണം എന്താണ്; വ്യക്തമാക്കുമോ; | (ബി) ഇത്തരത്തിൽ ഒരു നിർദ്ദേശം കേരളാ വാട്ടർ അതോറിറ്റിയിൽ നിന്നും ഉണ്ടായിട്ടില്ല. |
| (സി) ഇതു സംബന്ധിച്ച് 2012 ഡിസംബർ 31 നും 2013 ഏപ്രിൽ 15 നും സർക്കാർ പുറത്തിറക്കിയ ഉത്തരവുകളുടെ ഉള്ളടക്കം എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;<br><br>(ഡി) ആദ്യത്തെ ഉത്തരവ് പിൻവലിച്ചിട്ടുണ്ടോ; രണ്ടാമത്തെ ഉത്തരവിൽ ഏതെല്ലാം കാര്യങ്ങളിലാണ് മാറ്റങ്ങൾ വരുത്തിയിട്ടുള്ളത്; വിശദമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ? | (സി) & (ഡി) സിയാൽ മാതൃകയിൽ കേരള ഡ്രിങ്കിംഗ് വാട്ടർ സപ്ലൈ കമ്പനി ലിമിറ്റഡ് രൂപീകരിക്കുന്നത് സംബന്ധിച്ച് 31.12.2012-ൽ സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്) നമ്പർ 103/2012/ഡബ്ല്യു.ആർ.ഡി പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു. എന്നാൽ കമ്പനി രൂപീകരണം സംബന്ധിച്ചുള്ള സംശയങ്ങൾ ദൂരീകരിച്ചു കൊണ്ട് 15.04.2013-ൽ ജി.ഒ (എം.എസ്) നമ്പർ 31/2013/ഡബ്ല്യു.ആർ.ഡി പ്രകാരം പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഈ രണ്ടു ഉത്തരവിന്റെയും പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ